
കനവും
വിളവും
പുതുകവിതയുടെ ജൈവമുദ്രകൾ
എഡിറ്റർ:
ഡോ. രാജേഷ് മോൻജി

# കനവും വിളവും

## പുതുകവിതയുടെ ജൈവമുദ്രകൾ

എഡിറ്റർ

ഡോ. രാജേഷ് മോൻജി

ശിഖ ഗ്രന്ഥവേദി

*Malayalam*
**Kavavum Vilavum**
**Puthukavithayude Jaivamudrakal**
(Studies)

*Editor*
**Dr. Rajesh Monji**

*First Published*
February 2021

*Layout*
Rajesh Monji

*Cover*
Bibin Antony

*Published by*
Sikha Grandhavedi
Olavattur P.o., Kondotty
Malappuram Dist.
Kerala 673638
*sikhagrandhavedi@gmail.com*

*Printed at*
KT Printers
Mukkam, Calicut

Price: Rs.250

ISBN 978-93-5445-018-1

ആവിഷ്കാരത്തിന്റെ പുതുവഴികൾ തേടുന്ന മലയാളകവിത ഏറെ പരിവർത്തനങ്ങൾക്ക് വിധേയമായ സാഹിത്യ വ്യവഹാരമാണ്. ഭാഷ, പ്രമേയം, സങ്കേതം, പ്രാതിനിധ്യം ഇവയെല്ലാം മുമ്പൊന്നുമില്ലാത്ത വിധം നവീകരിക്കപ്പെട്ടു. എല്ലാം ധനാത്മകമോ ഏറെ സ്വീകാര്യമോ അതിജീവനശേഷിയുള്ളതോ ആണെന്നോ അല്ലെന്നോ വിലയിരുത്തേണ്ടത് സഹൃദയരാണ്; കാലമാണ്. കവിതയുടെ വർത്തമാനത്തെ അടയാളപ്പെടുത്തുമ്പോൾ ഇക്കാലത്തിന്റെ സൃഷ്ടികളെയും ഇക്കാലത്തിന്റെ സ്വീകാര്യതയെയുമാണ് പരിഗണിച്ചിരിക്കുന്നത്. അതിനർത്ഥം പുതുകാലത്തെ എല്ലാ കവികളെയും രചനകളെയും പഠനവിധേയമാക്കുന്നു എന്നതല്ല. ഇതൊരു ശ്രമത്തിന്റെ പ്രാരംഭമാണ്. ഗവേഷണകുതുകികളായ ഏതാനും സഹൃദയർ ചില കവികളെ താൽപര്യപൂർവ്വം പഠനത്തിനായി തിരഞ്ഞെടുത്തതാണ്. അല്ലാതെ മറ്റു മാനദണ്ഡങ്ങൾ ഒന്നുമില്ല. മലയാളകവിതയുടെ പുതുസമീപനങ്ങളെ സമഗ്രമായി വിലയിരുത്തുന്ന ഡോ. ഉണ്ണി ആമപ്പാറയ്ക്കലിന്റെ പ്രബന്ധവും ഗോത്രകവിതകളെ പരിചയപ്പെടുത്തുന്ന ഡോ. പി സുരേഷിന്റെ പ്രബന്ധവുമാണ് വിഷയങ്ങളെ പൊതുവായി വിശകലനം ചെയ്യുന്നത്. തുടർന്നുള്ള പ്രബന്ധങ്ങൾ സവിശേഷമായി സ്വീകരിച്ച കവികളുടെ സമാഹാരങ്ങളോ തിരഞ്ഞെടുത്ത കവിതകളോ മുൻനിർത്തിയുള്ള വിശകലനങ്ങളാണ്.

ഈ ഉദ്യമം തുടരണം എന്നുതന്നെയാണ് ആഗ്രഹം. ഈ പുസ്തകത്തിൽ പരാമർശിക്കപ്പെടാത്ത കവികളെയും കവിതകളെയും അടുത്ത പുസ്തകങ്ങളിലായി പഠനവിധേയമാക്കാനാണ് ഉദ്ദേശിക്കുന്നത്. അതിനുള്ള പ്രവർത്തനങ്ങൾ തുടർന്നുപോരുന്നു. അധ്യാപകരും ഗവേഷകരുമടങ്ങുന്ന ഒരു സംഘമാണ് ഇതിലെ പ്രബന്ധങ്ങൾ രചിച്ചിരിക്കുന്നത്. വായനക്കാർക്കും പഠിതാക്കൾക്കും ഉപകരിക്കുമെന്ന പ്രതീക്ഷയിൽ പുതുകവിതാപഠനത്തിന്റെ ആദ്യഭാഗമെന്ന നിലയിൽ ഈ പുസ്തകം സമർപ്പിക്കുന്നു.

എഡിറ്റർ

1. **പുതുകവിതയിലെ ഭാഷാവഴികൾ** 09
ഡോ. ഉണ്ണി ആമപ്പാറയ്ക്കൽ

2. **'കാട്ത്ത പാട്ട് പാട്ക്ന രാമന്മാർ'** 20
ഡോ. പി സുരേഷ്

3. **മറുപിറവിയുടെ മാറാനോവുകൾ** (വിജയരാജ മല്ലിക) 30
ഡോ. നിത്യ പി.വിശ്വം

4. **മനസ്സുകൊണ്ടു മാത്രം എത്തിച്ചേരാനാവുന്ന സ്ഥലങ്ങൾ** 36
(പി.എൻ.ഗോപീകൃഷ്ണൻ)
ഡോ. ഇ.എം. സുരജ

5. **കവിതയുടെ ഇടവഴികൾ** (പി. രാമൻ) 46
രശ്മി ടി. എൻ

6. **അപ്പോൾ ആകാശത്ത് ഒരു തുള വീണിരുന്നു** (കന്നി) 52
വിജു നായരങ്ങാടി

7. **ഉടലിലെഴുതിയ കവിതകൾ** (എ.പി. മോഹൻദാസ്) 58
ഡോ. കെ.എം. അനിൽ

8. **റഫീക് അഹമ്മദിന്റെ കവിതകളിലെ കാലം** 63
അമ്പിളി എം.വി

9. **മത്സ്യപ്രദർശനശാലയിലെ ചിത്രകവിതകൾ** (ബക്കർ മേത്തല) 71
ഡോ. രാജേഷ് മോൻജി

10. **മലയാളത്തിന്റെ ഭാവിയെക്കുറിച്ചുള്ള ഉത്കണ്ഠ –**
**കേരളപ്പിറവി നാളിൽ** (പി.പി രാമചന്ദ്രൻ) 80
ഡോ. സ്വപ്ന സി. കോമ്പാത്ത്

11. **പുതുകവിതയിലും 'ഭക്തിപ്രസ്ഥാനം'** (വീരാൻകുട്ടി) 84
ശിവപ്രസാദ് പി.

12. **മതിർക്കുന്ന കാടുകൾ: ജയദേവന്റെ കാവ്യസഞ്ചാരങ്ങൾ** 90
(വി.ടി. ജയദേവൻ)
ദിവ്യ ഒ.ഡി

13. **കവിത – അടയാളങ്ങളുടെ വ്യതിരിക്തത** (രഗില സജി) 99
സിസ്റ്റർ ഡോ. അനു ഡേവിഡ്

14. **ഭയത്തിന്റെ ഭൂതസഞ്ചാരങ്ങൾ** (അനൂപ് വി.എസ്.) 107
ധ്യാന വി.

15. **വവ്വാലുകളെ പരിഭാഷപ്പെടുത്തുന്ന കവി** (രാഹുൽ മണപ്പാട്ട്) 117
രോഷ്നി സ്വപ്ന

16. **നിശബ്ദമാവുമ്പോൾ മാത്രം കേൾക്കുന്ന ശബ്ദമഹാസമുദ്രങ്ങൾ** (എസ്. കലേഷ്) 123
ഡോ.ദീപേഷ് കരിമ്പുങ്കര

17. **സുകുമാരൻ ചാലിഗദ്ദയുടെ കവിതകൾക്ക് ഒരു കുറിപ്പ്** 129
ഡോ. എം.ബി. മനോജ്

18. **ഒരുവളെങ്ങനെ ഒരുമ്പെട്ടോളാവുന്നു** (സുഷമ ബിന്ദു) 135
നീതു സി. സുബ്രഹ്മണ്യൻ

19. **പ്രണയത്തിന്റെ ജനാധിപത്യമാനങ്ങൾ** (വിമീഷ് മണിയൂർ) 142
ഡോ. അബ്ദുസമദ് കെ.ടി.

20. **തനിച്ചു നിൽക്കുന്ന കവിതയുടെ സൂക്ഷ്മരാശികളുടെ ഐന്ദ്രികത** (അമ്മു ദീപ) 146
ശ്രീജയ സി.എം

21. **സ്ത്രൈണതയും ഇന്ദ്രിയബിംബങ്ങളും വി.എം.ഗിരിജയുടെ കവിതകളിൽ** 151
രേഷ്മ വി.ബി

ബിയ' എന്ന അവസാനകവിത ഈ ആശയത്തിന് അടിവരയിടുന്നു.

'അത് ശരിയാക്കണമെന്ന് തോന്നിയത്
അതിൽനിന്നും അന്ന് കേട്ടിരിക്കാവുന്ന
പാട്ടുകളെക്കുറിച്ചോർത്തതുകൊണ്ടല്ല.'' എന്ന ആ

കവിതയിലെ അവസാന വരികൾ, ഭൂതകാലത്തിൽ സംഭവിച്ച വിധേയത്വത്തോടുള്ള വിയോജിപ്പ് മറച്ചുവെക്കുന്നില്ല. ഈ പ്രതികരണം അഥവാ ഭൂതകാല നിരാസം കവിക്ക് നല്കുന്ന ആശ്വാസം ചെറുതല്ല. അതുതന്നെയാണ് ഈ കവിതകളുടെ യത്രയും കാതൽ.

ഭൂതകാലത്തോടുള്ള വിധേയത്വം കവിയിൽ സൃഷ്ടിച്ച ഭയം ഓർമകളായും മഞ്ഞനിറമായും പഴമയോടുള്ള അഭിനിവേശമായും സഞ്ചാരതാത്പര്യമായും സംഗീതമായും ഒക്കെ പ്രത്യക്ഷപ്പെടുന്നു. ഭയം ഇവിടെ സ്ഥായിയായി നിലനിൽക്കുന്നു. കവിത ഈ ചുഴിയിൽ വീണു കിടക്കുന്നു. എന്നാൽ ഓരോ താഴ്ചയിലും ചുവടുറപ്പിക്കാൻ സ്ഥലം ലഭിച്ചുവെന്ന തോന്നലിൽ അത് ആശ്വാസം കൊള്ളുന്നുണ്ടുതാനും. ഭൂതകാലത്തിന്റെ ഇടുക്കം സൃഷ്ടിക്കുന്ന ഭയത്തെ കവി ക്ലോസ്ട്രോഫോബിയ എന്ന് വിളിക്കുന്നു. കവിതകളിൽ ഭയത്തിനു കാരണമാകുന്ന ഇടുക്കം ഓർമയുടേതാണ്. ഓർമകൾ എന്ന ഭൂതകാലത്തിന്റേതാണ്. ഭയത്തിന്റെ ഹേതു ഭൂതകാലമായതിനാൽ നീമോഫോബിയ (Mnemophobia) എന്ന അവസ്ഥയായി നമുക്കിതിനെ മനസിലാക്കാൻ സാധിക്കും.

ഭൂതകാലത്തെ സംബന്ധിച്ച ഭയം അത് ഓർത്തെടുക്കാൻ തടസ്സം സൃഷ്ടിക്കേണ്ടതാണ്.എന്നാലിവിടെ ഓർമകളിൽ യഥേഷ്ടം സഞ്ചരിക്കുകയും അവയിൽനിന്ന് കുതറിമാറാൻ ശ്രമിക്കുകയും വീണ്ടും അവയിൽപ്പെട്ടുപോകുകയും ചെയ്യുന്ന അവസ്ഥയാണ് കാണാൻ കഴിയുക. ചുരുക്കിപ്പറഞ്ഞാൽ, കവിത കണ്ടെടുക്കുന്ന ഇടുങ്ങിയ ഭയം സൃഷ്ടിക്കുന്ന സ്ഥലങ്ങൾ അത്രയും ഭൂതകാലത്തിന്റെ പരിച്ഛേദങ്ങളാണ്. എന്നുവരുമ്പോൾ ഭൂതകാലത്തോടുള്ള ഭയം കവിതകളുടെ പൊതുസ്വഭാവമായി വിലയിരുത്താം. കവിയിൽ ഈ ഭയം വർത്തിക്കുന്നത് പലപ്പോഴും വിശേഷാധികാരം നിഷേധിക്കപ്പെടുമ്പോഴാണെന്നും വിലയിരുത്താം. ■





15

# വവ്വാലുകളെ പരിഭാഷപ്പെടുത്തുന്ന കവി

റോഷ്നി സ്വപ്ന

"You ask why I make my home in the mountain forest,
and I smile, and am silent,
and even my osul remains quiet:
it lives in the other world
which no one owns.
The peach trees blososm,
The water flows."
--Li Po

രാഹുൽ മണപ്പാട്ടിന്റെ കവിതകളെക്കുറിച്ചു പറയുമ്പോൾ എനിക്ക് 'ലി പോ'യെ ഓർമ്മവരും. ആരെയാണ് കവിത അഭിസംബോധന ചെയ്യുന്നത് എന്ന ചോദ്യത്തോടൊപ്പം തന്നെ പ്രധാനമാണ് ആരെയല്ല എന്നതും. ആരാണ് കവിതയുടെ വായനക്കാർ? ആരാണ് കവിതയുടെ കാഴ്ചക്കാർ? രാഹുൽ മണപ്പാട്ടിന്റെ കവിതകൾ ഇതിന്റെ ഉത്തരങ്ങളായി സ്വയം പരിണമിക്കുന്നുണ്ട്. അത് ഒരുപക്ഷെ ആത്മശരീരങ്ങളുടെ ഉയർത്തെണീപ്പിലൂടെയാവാം. അപരബോധങ്ങളുടെ തിരിച്ചെടുപ്പിലൂടെയാവാം. ഓർമ്മയിലൂടെയാവാം നിരാസത്തിലൂടെയും സ്വീകാര്യതയിലൂടെയുമാവാം അത്.

'Sometimes things become possible if we want them bad enough.' എന്ന് T.S. Eliot പറഞ്ഞത് പോലെയോ 'The past beats inside me like a second heart.' എന്ന് John Banville, തന്റെ The Sea എന്ന കൃതിയിൽ പറഞ്ഞത് പോലെയോ ആവാം. എന്തായാലും അടുത്ത കാലങ്ങളിൽ ഈ കവി പുതുക്കിപ്പണിഞ്ഞ കവിതയുടെ ഇടങ്ങളിൽ നിന്ന് സമകാലിക മലയാളകവിതയുടെ ചില പുതുമകൾ കണ്ടെത്താം.

'പാകിസ്ഥാൻ മുക്ക്' എന്ന കവിതയിൽ കവി ഓർമ്മയുടെ ഈ ഭാഷയാണ് ഉപയോഗിക്കുന്നത്

'പള്ളിക്കാടും
അകായിലെ ഇടവഴിയും
ഇരുമ്പുംകുന്നിലെ
കല്ലുവെട്ട് കുഴിയും കഴിഞ്ഞ്
നേരല്ലാത്ത നേരത്ത്
വിയർത്തോടി പോണ
ഒരിരുട്ടുണ്ട്.'

എന്നാണ് കവിത തുടങ്ങുന്നത്. ഇത് പല കാലങ്ങളിൽ മലയാള കവിത കണ്ടതോ ആവിഷ്കരിച്ചതോ ആയ വെളിച്ചമോ ആ വെളിച്ചം കെടുമ്പോൾ തെളിഞ്ഞതോ ആയ ഇരുട്ടല്ല.

'ആ ഇരുട്ടിന്റെ കാലിൽ
തീ കുത്തിക്കളിക്കണെ
നിലാവുണ്ട്.'

അതിന്റെ ചോട്ടിലാണ് പാക്കിസ്ഥാൻ മുക്ക്. ഇത് ഓർമ്മയുടെ വീണ്ടെടുപ്പായി കവിതയുടെ ശരീരത്തിൽ നിറയുന്നു. കടമ്പനാടും കടമ്മനിട്ടയും ആറൻമുളയും കവിതയിൽ തീർത്തത്തിൽ നിന്ന് വ്യത്യസ്തമായ സ്ഥലഭൂപടമായി ഇത് മാറുന്നു

'പാക്കിസ്ഥാൻ മുക്കിലേക്ക്
ക്രിക്കറ്റ് കളിക്കാൻ പോകുകയും
ഇരുട്ട് പെരുകിവരുന്ന വൈകുന്നേരങ്ങളിൽ
ഇരുട്ടിന്റെ കോളാമ്പിയിലൂടെ'

വാങ്ക് വിളി കേൾക്കുമ്പോൾ മാത്രം തെറ്റാത്ത സമയത്തെക്കുറിച്ച് പരാമർശിക്കുമ്പോഴും കവിതയിൽ തെളിയുന്ന ഒരു അദൃശ്യ ഭൂപടമുണ്ട്. അത് പിന്നീട് മനുഷ്യരിലേക്കും അവരുടെ അടയാളങ്ങളിലേക്കും അവരുടെ നിശ്ശബ്ദതകളിലേക്കും നീളുന്നു.

'പാക്കിസ്ഥാൻ മുക്കിൽ
ഞങ്ങള് മാത്രം വിശ്വസിച്ചു.' എന്നാണ് പറയുന്നത്.

വിശ്വാസം അതിജീവനത്തിന്റെ കണ്ണിയാവുന്നു.

'അടുമ്മാന്റെ തൊടീലേക്ക്
ചീറുന്ന പന്തും,
ചെവി കൂക്കണെ പൊലയാട്ടും
ആടുമ്മയുടെ പ്രാന്തും' ചേർന്ന് വരച്ചെടുക്കുന്ന പാക്കിസ്ഥാൻ മുക്കിന്റെ സാംസ്കാരിക ഭൂപടം ഒരേ സമയം സൂക്ഷ്മവും സ്ഥൂലവുമാണ്.

'പറങ്കി മരത്തിന്റെ കൊമ്പിൽ നിന്നും കറയിറ്റ് വീഴുമ്പോലെ തൂങ്ങിച്ചത്ത മൂന്നു പേരും, അവിടേക്ക് വീഴുന്ന, ഒരിക്കലും തിരിച്ചെടുക്കാത്ത കെട്ടുപന്തുകളും' ചേർന്ന് ആ സ്ഥലഭൂപടം പൂർത്തിയാക്കുന്നു. ആ പന്തുകളെ പേടിച്ചു കൊണ്ട് ആ ഭൂപടത്തിന്റെ നിശ്ശബ്ദതകളായ ഒരു കുട്ടി അനുഭവിക്കുന്ന ലോകത്ത്



സച്ചിനും സെവാഗും പത്രക്കാരും മീന്കാരനും ഗാംഗുലിയും പഴയത് എടുക്കാൻ വരുന്നവരും കടന്നുവരുന്നു.

'ആരൊക്കെ വന്നാലും
അവരൊക്കെ
ഞങ്ങളെ ബാക്കികാരാണ്.
അതിലൊരു ബേജാറും
ഞങ്ങൾക്കില്ല' എന്നാണ് കവിതയിലെ ജീവിത ദർശനം.

പിന്നീടെപ്പോഴോ രേഖകളോ അടയാളങ്ങളോ ഇല്ലാത്തതിനാൽ അതിർത്തിയിലേക്ക് മാഞ്ഞുപോകുന്ന ആടുമ്മയെ കാണാം. അത് നോക്കിനിൽക്കുന്ന ഒരു കൂട്ടവും.

'അധികാരം കിട്ടിയ ഒരിരുട്ട്
ഞങ്ങളെ
ആട്ടി പായിച്ചു കൊണ്ടിരുന്നപ്പോൾ
അന്ന്, വാങ്ക് കൊടുക്കുന്നതിനു മുന്നേ
ഞങ്ങള് വീടുകളിലെത്തി.
അന്നുമുതൽ
സമയങ്ങളൊക്കെ തെറ്റിയ,
അടയാളങ്ങളൊക്കെ
കയ്യൊഴിഞ്ഞ
ഒരു വാങ്ക്
പാകിസ്ഥാൻ മുക്കിലൂടെ
അലഞ്ഞുതിരിഞ്ഞു.'

എന്നാണ് കവിത അവസാനിക്കുന്നത്.

സമയങ്ങളൊക്കെ തെറ്റുന്ന കാലത്ത് കേൾക്കുന്ന ഓരോ ഒച്ചക്കും കൃത്യമായ രാഷ്ട്രീയ ധ്വനികൾ ഉണ്ടാവുകയാണ്. അത് കാണാതായ ഒച്ചകളായും നിന്ന് കാണാതായ അക്ഷരങ്ങളായും കവിതയിൽ കൂട്ടുചേരുന്നു.

'ഒറ്റ രാത്രി കൊണ്ട്
കാണാതായ
പാക്കിസ്ഥാൻ മുക്കിലേക്ക്
ഞങ്ങളിപ്പോൾ
ക്രിക്കറ്റ് കളിക്കാൻ പോവാറില്ല.' എന്ന ജീവിതാഖ്യാനം തന്നെയാണ് അതിജീവനത്തിന്റെ അടയാ ളമായി മാറുന്നത്.

'Man was dust' എന്ന് നെരൂദ എഴുതുമ്പോൾ ഭൂമിയിലെ എല്ലാ മനുഷ്യർക്കും തീക്കല്ലിന്റെ മുന വരുന്നു. കാറ്റും ജലവുമായതിന്റെ ഓർമ്മയിൽ ഓരോരുത്തരും പിടയുന്നു. 'തെയ്വം' എന്ന കവിതയിൽ ഈ പിടച്ചിലുണ്ട്. മനുഷ്യൻ മനുഷ്യനോട് നടത്തുന്ന ആത്മഭാഷണങ്ങളായോ മനുഷ്യൻ ദൈവത്തോട് നട

ത്തുന്ന ആത്മഭാഷണങ്ങളായോ ഒക്കെ വായിക്കാവുന്ന ഒരു കവിതയാണ് തെയ്വം. യേശുവിന്റെ നെഞ്ചത്തേക്ക് പാഞ്ഞു കയറുന്ന പൊട്ടൻ തെയ്യവും കുരുത്തോല മുടി വിടർത്തിയ തെയ്യാട്ടവും ഇരുട്ട് തിരളുന്ന രാത്രിയും തീക്കനലുകൾ വിരിച്ച എഴുന്നള്ളത്തും, തീപ്പന്തങ്ങളും ചേർന്ന് വിഭ്രമിപ്പിക്കുന്ന തീ വെളിച്ചങ്ങളും നിറങ്ങളും ഈ കവിതയിൽ ആളിക്കത്തുന്നു.

'എടോ.. യേശുവേ...
ആ കുരിശിന്റെ
വെയർപ്പെറക്കി വെച്ച്
ന്റെ മടിയിലേക്ക് വന്ന് കെടക്ക്.
ചത്തോരെ ചോര കൊണ്ട്
ഒടല് മറച്ച് ഞാനൊരു
പാട്ടനത്താം...'

ദൈവത്തിന് മനുഷ്യന് കൊടുക്കാനുള്ള വാഗ്ദാനമാണിത് പൊട്ടന്റെ തലയിൽ 'മുൾ'കിരീടമുയരുകയാണ്, യേശുവിന്റെ കൊന്ത മണികൾ പൊട്ടന്റെ കാൽച്ചിലമ്പുകളുടെ ഒച്ചയിലേക്ക് ചെവികളായി ഉതിരുകയാണ്. മനുഷ്യൻ ദൈവവും ദൈവം മനുഷ്യനും ആകുന്ന അപൂർവ്വ കാലങ്ങൾ! യേശുവിന്റെ കുരിശ് പൊട്ടനും പൊട്ടന്റെ തീക്കനൽ യേശുവും ഏറ്റുവാങ്ങുന്നു..

'കെതപ്പ്' എന്ന കവിതയിലും മറ്റൊരുവന്റെ പീഡകളുടെ അനുഭവം ഏറ്റു വാങ്ങുന്ന കവിയെ കാണാം.

'വിയർത്ത് പോയ
ഓന്റെ
വാരിയെല്ലിന്റെ
ചേറിൽ
ഒരുത്തന്റെ കെതപ്പ്'

ചേറിന്റെ മണവും, കൂവലും നോട്ടത്തില് കുടുങ്ങിയ കിതപ്പും ചേർന്ന് തീർക്കുന്ന ലോകത്ത് ഒരുവൻ മറ്റൊരുവനെ കാണുകയാണ്.

'മരണക്കളിയിൽ ഉലാത്തുന്ന (അ) സമയങ്ങൾ' എന്ന കവിതയാകട്ടെ അപ്രതീക്ഷിതങ്ങളെ ആവിഷ്കരിക്കുകയാണ്. തന്റെ ദീർഘമായ ആത്മകഥക്ക് കവിത എഴുതുന്ന ആമുഖമാണ് ഈ കവിത എന്ന് തോന്നും വിധം

'എല്ലാവരും
മരിക്കുന്നതുപോലെ
അയാൾ മരിച്ചിരുന്നേൽ
ഇങ്ങനെയായിരിക്കില്ല
അയാളിലേക്ക്
ഞാൻ ഇറങ്ങി പുറപ്പെടുക.'



എന്ന് എഴുതി ആ മരണത്തെ തന്റേതാക്കുന്നു കവി. പ്രണയത്തിന്റെ, മരണത്തിന്റെ ശക്തമായ തിരിച്ചെടുപ്പിനോടൊപ്പം

'അയാളുടെ മരണത്തിൽ
ഞാൻ ഉള്ളതുപോലെ.'

കവിക്ക് അനുഭവപ്പെടുന്നു. അയാൾ കഴിച്ചതുപോലൊരു അത്താഴം, ശരീരങ്ങളുടെ കുടുക്കുകൾ പൊട്ടിച്ച് അയാളെ വെട്ടിച്ചെറുതാക്കിയ തെറ്റായ അളവുകൾ തന്റേത് കൂടിയാവുകയാണ്

'അയാൾ
എന്റെ നിഴലിൽ
വളരുന്നതു പോലെ
ഞാൻ അയാളുടെ
ഉടലുരിയുമ്പോലെ
ഒരു ശ്വാസം
ചെന്തീ പോലെ
മണ്ണേറിക്കുന്നു.
അയാളിൽ
ഞാൻ മാത്രം ഉള്ളതുപോലെ
ഒരു മരണകൊതി
എക്കിളിനെ തൊടുന്നു.
ഞാൻ അയാളിൽ
വിയർക്കുന്നു.
കളി തുടങ്ങുന്നു.'

'ചെരുപ്പ്കുത്തികൾ കാലുകളെ ചേർത്ത് തുന്നുന്നു'എന്ന കവിത ആവിഷ്കരിക്കുന്ന യാഥാർഥ്യം തീവ്രമാണ്. ആധുനികതയുടെ കാലത്ത് കവികൾ ചെയ്തത് ജീവിതത്തെ പുനരാവിഷ്കരിക്കുകയും പുനർവ്യാഖ്യാനിക്കുകയുമായിരുന്നു. ഭാഷയും സംസ്കാരവും അധ്വാനവും ഈ പരിണതിയിൽ അവനോടൊപ്പമുണ്ട്. വേഗം തേഞ്ഞു പോവാൻ പ്രാർത്ഥിക്കുന്ന നേരത്തിലേക്കാണ് ഈ കവിത ചലിക്കുന്നത്. സമയം രാഹുലിന്റെ കവിതകളിലെ പ്രധാനപ്പെട്ട ഒരു ബിംബമാണ്. 'വരൂ വരൂ' എന്ന കവിതയിൽ സമയം മുന്നോട്ട് ചലിക്കുന്ന യാത്രയാവുന്നു. ഈ കവിതയുടെ കാതലിലുമുണ്ട് യാത്ര. മാറിയിടുന്ന ചെരുപ്പായും, തേഞ്ഞു തീരുന്ന സമയമായും അത് ചലിക്കുന്നു

'ഓരോ കാലത്തും
ഓരോ ഉസ്കൂൾ തുറക്കലിനും
വാങ്ങിപ്പിച്ച
ചെരുപ്പിന്റെ
ആദ്യ മണത്തിലേക്കും